# KITES



# ഉള്ളടക്കം

ആമയും മുയലും.................................................................................................. 3
പ്രകൃതിയെന്നത് ഒരു ഉച്ചാരണവാക്കല്ല....................................................................5
സത്യയത്തിൻെറ നാദം.........................................................................................8
പറയുക തത്തേ......................................................................................................11
സഹാപാഠി...............................................................................................................13
അമ്മ മഴവില്ല്.........................................................................................................15
I TRUST IN YOU…………………………………………………...18
വിരഹം......................................................................................................................20
അധ്യായപകരെൻ വഴികാട്ടി.................................................................................. 21
അമ്മച്ചിക്കുട്ടിയും അമ്മണിപ്ലാവും........................................................................23
കൂട്ടുകാരി.................................................................................................................25
അമ്മയെ നോവിക്കല്ലേ........................................................................................ 27
മുറിപ്പെടുത്തിയ മനസ്സ്.....................................................................................28
ജ്വലവർണ്ണം............................................................................................................29
ചിലന്തിതൻ പരിശ്രമം...........................................................................................31
കുഞ്ഞൻെറ സമ്മാനം...........................................................................................33

# ആമയും മുയലും

Amy Jipson

8-a

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ ഒരു ആമയും മുയലും താമസിച്ചിരുന്നു.അവർ ഒരു ദിവസം വഴക്കിട്ടു. ആ വഴക്ക് എന്തിനാണെന്നു വെച്ചാൽ മുയൽ പറഞ്ഞു ഞാനാണ് ഓട്ടുന്നതിൽ മികച്ചവൻ .എന്നാൽ ആമ അത് സമ്മതിച്ചില്ല.ആമ പറഞ്ഞു, നീയല്ല ഞാനാണ് ഓട്ടുന്നതിൽ മികച്ചവൻ .അവരുടെ വഴക്ക് സിംഹരാജാവിന്റെ ചെവിയിൽ എത്തി.സിംഹരാജാവ് ഒരു സഭ വിളിച്ചു കൂട്ടി .ആമയുടേയും മുയലിന്റെയും വഴക്കിനേക്കുറിച്ചായിരുന്നു.ആ സഭയിൽ ചർ

ച്ച.സിംഹരാജാവ് ഒരു തീരുമാനം എടുത്തു ,ഒരു ഓട്ടമത്സരം നടത്താൻ തീരുമാനിച്ചു.ആ ഓട്ടമത്സരത്തിന്റെ അന്ന് രാവിലെ മത്സരം ആരംഭിച്ചു,മുയൽ കുറച്ച് ഓടിട്ട് പുറകിലേക്ക് നോക്കിയപ്പോൾ ആമ വരുന്നില്ല.അപ്പം മുയൽ വിചാരിച്ചു,ആമ പതിയെ വരുന്നതല്ലേ ഉള്ളൂ ,കുറച്ച് നേരം മരത്തിന്റെ ചുവട്ടിൽ കിടന്ന് മയങ്ങിപ്പോയി .കുറച്ച് നേരം കഴിഞ്ഞപ്പോൾ ആമ ആ വഴി കടന്നുപോയി പക്ഷേ മുയൽ അറിഞ്ഞില്ല.കുറെ കഴിഞ്ഞപ്പോൾ ആരവങ്ങളും ആർപ്പുവിളികളും മുയൽ കേട്ടു.അപ്പോഴാണ് മുയൽ വിവരം അറിയുന്നത് ആമ വിജയിച്ചു എന്നതും .അവർ മുയലിനെ കളിയാക്കുകയാണെന്നും.

# പ്രകൃതിയെന്നത് വെറും ഉച്ചാരണവാക്കല്ല

**Sania Saji**

**9A**

**പ്രകൃതിയെ സ്നേഹിക്കണം,ബഹുമാനിക്കണം എന്ന് അധ്യാപകരും മുതിർന്നവരും പറഞ്ഞുതരുന്നുണ്ട് എന്തിനാണത് എന്നറിയാമോ?**

**പ്രകൃതിയെന്നത് വെറുമൊരു ഉച്ചാരണവാക്കല്ല പകരം വന്യജീവികളുടെയും ജീവജാലങ്ങളുടെയും ആകാശത്തിൽ പാറിനടക്കുന്ന പക്ഷികളുടെയും എന്തിന് പ്രകൃതിയോട് ക്രൂരതകൾ കാട്ടുന്ന**

മനുഷ്യന്റെയും തന്നെ ആശ്രയമാണ്

പ്രകൃതി.ഇതിൽ നന്ദികേട് കാട്ടുന്നത് മനുഷ്യൻ

മാത്രം.ദിനംപ്രതി മനുഷ്യന്റെ പ്രകൃതിയോടുള്ള

ക്രൂരതകൾ വർദ്ധിച്ചു വരികയാണ്.മനുഷ്യൻ

ക്രൂരതകൾ കണ്ട് പ്രകൃതിയും മടുത്തു.മതി ഇനി

പ്രകൃതിമാതാവിന്റെ ഊഴമാണ്.തന്നിൽ ആശ്രയം

വച്ചിരിക്കുന്ന പല ജീവികൾക്കും പ്രകൃതിയുടെ

ആശ്രയമില്ലാതെ വംശനാശം

സംഭവിക്കുകയാണ്.ഇനി ഇതാവർത്തിക്കാൻ

പാടില്ല എന്നു താക്കീത് നൽകികൊണ്ട് പലതരം

പ്രകൃതിദുരന്തങ്ങൾ വരുത്തുന്നു.

പക്ഷെ,പ്രകൃതിരോക്ഷം അവസാനിക്കുമ്പോൾ

പിന്നെയും ഇരട്ടിയായി മനുഷ്യന്റെ ക്രൂരതകൾ വർ

ദ്ധിക്കും.അവർ ഒരിക്കലും മനസ്സിലാക്കുന്നില്ല

എന്തുകൊണ്ടാണ് ഈ പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നത്. ഇതിനു കാരണം തങ്ങൾ തന്നെയാണെന്ന് അവർ മനസ്സിലാക്കാത്തതുകൊണ്ടാണ് പ്രകൃതിദുരന്തങ്ങളുടെ എണ്ണം കൂടി കൂടി വരുന്നത്.ഒന്നു ശാന്തമാവുമ്പോൾ അവർ പിന്നെയും ക്രൂരതകൾ ചെയ്തുകൊണ്ടിരിക്കും.

# സത്യത്തിന്റെ നാദം

ജോസ്ന ആൻ

8A

പണ്ട് ഒരു കൊച്ചുഗ്രമത്തിൽ ഒരു വയസ്സായ മുത്തശ്ശി ജീവിച്ചിരുന്നു. അവരുടെ ഭർത്താവ് പത്തുവർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടിരുന്നു.ഓമനിച്ച് വളർത്തിയ മക്കൾ മുത്തശ്ശിയെ ഉപേക്ഷിച്ചു.ആ മുത്തശ്ശിക്ക് ഉണ്ടായിരുന്ന മക്കളെക്കുറിച്ച് അവർ എന്നും ഓർക്കും. അവർക്ക് രണ്ട് മക്കൾ ഉണ്ടായിരുന്നു. ഒരു ആൺകുട്ടിയും ഒരു പെണ്ണും.അവർക്ക് ഉണ്ടായ കുഞ്ഞ് കണ്ണില്ലാത്തകുട്ടിയായിരുന്നു. കണ്ണ് ദാനമായി നൽകാൻ ആരും ഇല്ലായിരുന്നു. അത് മനസ്സിലാക്കി അവർ സ്വന്തം കണ്ണ്

കുഞ്ഞിന് നൽകി. ഈ സത്യം അവർ കുഞ്ഞിനെ അറിയിച്ചില്ല. കണ്ണില്ലാത്ത അമ്മയെ കുട്ടികൾ എന്നും പുച്ഛിക്കും. അവസാനം അവനെ ഇത് അറിയിക്കാൻ സമയമായി എന്ന് ആ അമ്മക്ക് തോന്നി. ഒരു കത്ത് എഴുതി. ആ കത്ത് അവന്റെ അടുക്കൽ എത്തി. ആ കത്ത് കൂട്ടുകാരെ കാണിക്കാൻ അവർ മടിച്ചു. തന്റെ അമ്മ തനിക്ക് ഒരു കുറവാണെന്ന് അവന് തോന്നി. ആ കത്തിന് അവൻ വിലകല്പിച്ചില്ല. മാസങ്ങൾ കഴിഞ്ഞു. ആ കത്ത് അവന്റെ ശ്രദ്ധയിൽപെട്ടു. സത്യത്തിന്റെ നാദം അവന്റെ ചെവിയിൽ തുളഞ്ഞു കയറി.

അവൻ വീട്ടിലേയ്ക്ക് പാഞ്ഞു.

എന്നാൽ അവനെ കാത്തുനിന്നത് ഭൂമിയുടെ കൈകളിൽ ചാഞ്ഞ് ആനന്ദമായ നിദ്രയിൽ മയങ്ങിയ അമ്മയെയാണ്. താൻ വൈകിപ്പോയി എന്ന് അവൻ മനസ്സിലാക്കി. തന്റെ തെറ്റ്

മനസ്സിലാക്കി അവൻ അമ്മയുടെ ശരീരത്തിന്റെ അടുത്ത് ചെന്ന് കിടന്ന് കരഞ്ഞു.

# പറയുക

# തത്തേ

എവ് ലിൻ

**6A**

"പറയുക തത്തേ എവിടുന്ന് കിട്ടീ

ചിറകിന് നല്ല പച്ചനിറം"

“മൊഴിയുക തത്തേ എങ്ങനെ കിട്ടീ

കൊക്കിന് നല്ല ചെഞ്ചോപ്പ് ?”

“ചോല്ലുക തത്തേ എപ്പോൾ കിട്ടീ

ചൊല്ലാനുള്ളൊരു  കേമത്തം ?"

"വല്ലിക്കുടിലിൽ  ചെന്നപ്പം

ഇലകൾ തന്നു പച്ചനിറം!"

"മുരിക്കുമ്പുങ്കുല തിന്നപ്പം

കൊക്കിനു വന്നു ചെഞ്ചോപ്പ്!"

"ഓടത്തണ്ടിൻ ഇനനണം കേട്ടി

ട്ടേറ്റുപാടി തത്തമ്മ!!!"

# സഹപാഠി

Aleeta Jose

8-A

എൻെറ സ്വന്തം കൂട്ടുകാരി ,
എന്നുമെൻ്റ കൂട്ടുകാരി ,
സ്നേഹിക്കാൻ എന്നെ പഠിപ്പിച്ചവൾ,
സ്നേഹത്തിൻ കടലാണവൾ,

സ്നേഹത്തിൻ കൂടാണവൾ
പുഞ്ചിരിക്കും മുഖമുള്ളവൾ,
പാവമാണവൾ,പാവയല്ലവൾ,
നൻമ നിറഞ്ഞ ഹൃദയമുള്ള

എൻെറ പ്രിയ കൂട്ടുകാരി ,

എൻ സ്വന്തം കൂട്ടുകാരി

# അമ്മ മഴവില്ല്

*Mishel Robert*

x-a

ഏഴ്ഴ വർണ്ണങ്ങളാൽ,അഴകി

മാനത്തു തെളിയും മഴവില്ലുപോലെ

എന്നുമെൻ വഴിയിലും മനസ്സിലും

പ്രകാശം ചൊരിഞ്ഞിടും മണിദീപമയ്

മാറോട്ടു ചേർത്തണയ്ക്കും സ്നേഹമെന്നമ്മ

എൻ മനസ്സാകും ആ തിരയിൽ

ദുഖത്തിൻ മുത്തുകൾ ആർത്തിരമ്പിച്ച

എൻ അശ്രുക്കൾ തോരമഴപോൽ

ഇറ്റിറ്റു വീണുപോയ് ചില നിമിഷങ്ങൾ

കണ്ണീരു വാർത്തു ഞാൻ പൊട്ടിക്കരഞ്ഞു

എൻ ജീവൻ തൻ താളുകൾ

പാടെ മറഞ്ഞുപോയെങ്കിലും

ആ സ്നേഹമീ മക്കളെ ഒരു ചെറു

സ്മിതം തൂകി കൈപിടിച്ചുയർത്തി

എന്നിട്ടവൾ എന്നോടായ് കാതിൽ

മന്ത്രിച്ചു

മകളെ...ഈ ജീവിതം വർണ്ണപകിട്ടാർന്ന

ലാവണ്യം തുകുമൊരു മഴവില്ലുപോലെ

അത്രെ

ഏതു നിമിഷവും പുകച്ചുരുളായ്

എങ്ങോ മങ്ങി മറഞ്ഞു പോയിടാം

സ്വപ്നം പോലെ ഉണരുമ്പോൾ

ഇല്ലാതായിടാം

ദുഖത്തിൽ തളരാതെ മുന്നേറുക

നീ എൻ ഓമൽ മകളെ

നിന്നമ്മ നിൻ കൂടെ എന്നുമൊരു

തണലേകും തണലായ്,വെളിച്ചം

പകരു ദീപമായ്,ദീപ്തിയായ്

നില ക്കൊള്ളും അതെന്നേയ്ക്കുമായ്.

# I TRUST IN YOU

**Neha Jaimon**

**IX A**

**When you don’t give the answers as**
**I cry out to you.**
**But your ways are always highers.**
**But your plans always good.**

**There’s not a place where I’ll go**
**you’re not alreadly stoody.**
**I trust in you**
I will trust in you GOD.

# വിരഹം

**Sanndeep Saji**

കൊഴിഞ്ഞതിലൊരെൻ

പുഷ്പമെന്നോർമ്മയി

തേങ്ങിയ വണ്ടിൻ കൗതുകം

പോയതില്ലൊരെൻ

ശലഭമെന്നോർമ്മയിൽ

പാടിയ പൂവിൻ നോമ്പരം.

# അധ്യാപകരെൻ വഴികാട്ടി

ശ്രീക്കുട്ടി.എസ്

8.B

അറിവിൻ ചെപ്പു തുറന്നീടാൻ
അധ്യാപകരവർ തുണയായി
അക്ഷരപ്പൂട്ട് തുറന്നീടുവാൻ
അധ്യാപകരെൻ കൂട്ടായി

പുസ്തകത്താളുകളിൽ നിന്ന്
അറിവുകൾ തരുമെൻ അധ്യാപകർ
പുസ്തകത്താളുകളിൽ നിന്നു
മാത്രമല്ല അധ്യാപകരിൽ നിന്നും
അറിവുകൾ തരുമെൻ അധ്യാപകർ

അറിവുകൾ മനസ്സിൽ കെയ്യാൻ
കുട്ടികളവർ തയ്യാറായി
പുതുവർഷം കൂടുമ്പോഴും
അധ്യാപകരിൽ നിന്നും പുസ്തക-
ത്താളിൽ അറിവുകൾ
നേടാൻ കുട്ടികളവർ തയ്യാറായി
ആജ്ഞതമാറ്റി,കൂരിരുൾ നീക്കി
അധ്യാപകരെൻ കരളിൽ വിളക്കായി
അവളീ നാടക വേദിയിലാടാൻ
അധ്യാപകരവർ കഴിവേകി
അറിവു വിതച്ചാലറിവുകൾ കൊയ്യാം
അനുഭവജ്ഞാനം അവരേകി
അകലെത്തെളിയും ആശാദീപം
അധ്യാപകരെൻ വഴികാട്ടി...

# അമ്മിണികുട്ടിയും അമ്മച്ചിപ്ലാവും

*vidhya vinod*
*6.a*
*7062*

**സ്കൂളീന്ന് അമ്മിണിയുടെ അചഛനേം അമ്മേം വേഗം ചെല്ലാൻ വിളിച്ചിരിക്കുവാ .എന്ത് പറ്റിയെന്നറിയില്ല.അമ്മച്ചിപ്ലാവ് ആകെ അങ്കലാപ്പിലായി "ഇനി കൊച്ചിനെങ്ങാനും വല്ല അപകടവുമുണ്ടായിക്കാണുവോ ?പ്ലാവ് സ്വയം പറഞ്ഞു.ഇത്തിരിനേരം കഴിഞ്ഞപ്പോൾ മുറ്റത്ത് വർത്തമാനം കേട്ടുതുടങ്ങി അമ്മച്ചിപ്ലാവിന് സമാധാനമായി.മടങ്ങിവന്നവരോടോപ്പം അമ്മിണിയും ചിലപ്പോൾ വന്നിട്ടുണ്ടാകും അങ്ങനെ ഓർത്തുനിൽക്കുമ്പോൾ അതാ അമ്മിണിക്കുട്ടി നടന്നു വരുന്നു.വന്നപാടെ അമ്മച്ചിയുടെ**

തണലിൽ ഒന്നും മിണ്ടാതെ കുനിപ്പിടിച്ചിരിപ്പായി അവൾ ആകെ കരഞ്ഞുതളർന്ന മട്ടാണ് "എന്തു പറ്റി അമ്മിണീ"അമ്മിച്ചി ചോദിച്ചു.ക്ഷീണിച്ച മുഖമുയർത്തി അമ്മിണി പറഞ്ഞു എന്റെ പല്ല് പോയി.കുറച്ചുദിവസമായിട്ട് അത് ആടുന്നു.ഇന്ന് കളിച്ചോണ്ടിരിന്നപ്പോ കൂട്ടുകാരന്റെ കൈ തട്ടി എന്റെ പാവം പല്ലെളകി അമ്മച്ചീ.അവൾ കരായാൻ തുടങ്ങി അങ്ങനെ കഥ നീണ്ടു പോയി.

# കൂട്ടുകാരി

മരിയ ബിജു

9 എ

കൂട്ടുകൂടാനായെന്റെ

കൂട്ട തേടിയണഞ്ഞൊരു

കുഞ്ഞാറ്റ കിളി

കാറ്റിനോടു കഥ

മെനഞ്ഞും

കടലിനോടു കളി പറഞ്ഞും

കാടായാ കാടെല്ലാം

മേടായ മേടെല്ലാം

കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ
കണ്ണാടിനോക്കി
കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കോഞ്ചി
ചിലച്ചും
കിളികുട്ടിലെന്ന
കുളിരറിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനാവാ
മെന്റെ
കരളിന്റ കരളായ കുട്ടു
കാരി....

# അമ്മയെ നോവിക്കല്ലേ

നയന ജോസഫ്
7A

പൂവേ  നല്ലോരമ്മേപ്പോലെ
പൂച്ചെടി നിന്നെ വളർത്തുന്നു
പാട്ടുകൾ മൂളിപ്പുഞ്ചിരിതൂകി-
പ്പതിയെത്തൊട്ടിലിലാട്ടുന്നു
അയ്യോ ഞാനൊരു പൂവു പറിച്ചാൽ
അമ്മപ്പൂച്ചെടി കരയില്ലേ?
അരികിൽ നിന്നും നീയകലുമ്പോൾ
ആ മിഴി രണ്ടും നിറയില്ലേ?
അമ്മ മനസ്സിനെ നോവിക്കുന്നവ-
രാരോടും ഞാൻ കൂടില്ല.
അമ്മക്കണ്ണു നിറയ്ക്കും വികൃതികൾ
നമ്മൾ ചെയ്യാൻപാടില്ല...........

# മുറിപ്പെടുത്തിയ മനസ്സ്

സാനിയ സജി

9A

അറിവിനായ് ഞാൻ കാതോർത്ത നിമിഷം
നിന്ദയോടെ എന്നെ നോക്കി
വാത്സല്യത്തിനായ് ഞാൻ കേണയാമം
എൻ മനം മുറിപ്പെടുത്തി
എങ്കിലും കുളിരോലും കാറ്റ്
എൻ മുറിവുണക്കി

# ജ്വലനവർണ്ണം

സാനിയ സജി

9A

അറിവായ് നിറമായ്
എന്നിൽ ചൊരിയും
ദീപം നീ ഉഷസ്സേ

തേജസ്വി നീ നിൻ
ജ്വലന വർണ്ണം
എന്നിൽ പൊഴിഞ്ഞിടുമോ
നിൻ വർണ്ണദീപ്തിയിൽ
ഞാൻ മഗ്നയായി.

സാന്ത്വന പ്രകാശമായ്
നീയെന്നരുകിൽ വന്നണയുമ്പോൾ
അലിവോലും നിൻ പുഞ്ചിരിയിൽ

എൻ മൗനം കുളിർന്നീടും
സ്നേഹം,കരുണ എന്നിവ നീ
എന്നിൽ പകർന്നീടും
സ്നേഹവും ഐക്യവും കനിയും നീ
എൻ ഉഷസ്സായ് ഉണർവായ്
നീയെന്നരുകിൽ വരുമോ
എൻ ജ്വലനവർണ്ണമാം
ഉഷസ്സേ ഉഷസ്സേ.

# ചിലന്തി തൻ പരിശ്രമം

സാനിയ സജി

9A

പരിശ്രമം,വിജയം

ഇതാണെൻ മുദ്രവാക്യം

തളരരുത് തളർന്നാൽ

നീ അധീരൻ

നിൻ വംശത്തിൻ

പരിശ്രമവും

ധീരതയും

അഭികാമ്യം

നീയോ ചിലന്തി തൻ വംശത്തിലൊരാൾ

എങ്കിലും ധീരയോദ്ധാവ്

വംശത്തിൻ പരിസ്രമം കാത്തുസൂക്ഷിക്കണം

ജീവനുള്ളിടുവോളം കാലം

മനുഷ്യർ പോൽ

പാരമ്പര്യത്തിൻ വിള്ളൽ

പരായാനിടയാകരുത് നിൻ

പരിശ്രമത്തിൽ നിന്ന്

വിജയത്തിലേയ്ക്ക്

കുതിച്ചുയരുക നീ

പരാജയമായാലും നീ

തളരില്ല കാരണം

നീയൊരു കൊച്ചു ചിലന്തി

നിന്റെയും നിൻ വംശത്തിന്റെയും

പരുശ്രമത്തിൽ അവസാനം

ആർക്കു നിശ്ചയിച്ചിടാനാവിടും

# കുഞ്ഞന്റെ സമ്മാനം

**Aleena Sabu**
**VIII A**

**ഒരിടത്ത് കുഞ്ഞൻ എന്നു പേരുള്ള ഒരു അണ്ണാൻ താമസിച്ചിരുന്നു. കുഞ്ഞന്റ കൂട്ടിൽ മാങ്ങായണ്ടി, കശുവണ്ടി, നെന്മണികൾ തുടങ്ങി കുറെ സാധനങ്ങളുണ്ട്. അതൊക്കെ സൂക്ഷിക്കാൻ അവനൊരു പെട്ടിയുണ്ട്. അതിലാണ് എല്ലാം സൂക്ഷിച്ചുവയ്ക്കുക.**

ഒരു ദിവസം ഒരു മാമ്പഴവുമായി കൂട്ടിലെത്തിയ കുഞ്ഞൻ അമ്പരന്നുപോയി! അതാ തന്റെ പെട്ടി തുറന്നിരിക്കുന്നു! കുഞ്ഞൻ ഓടിപ്പോയി പെട്ടിയിൽ നോക്കി. അതിൽ ഒന്നുമില്ല! കുഞ്ഞന് സങ്കടമായി. അവൻ കൂട്ടുകാരോട് മോഷണം നടന്ന് സംഭവം ആരെങ്കിലും കണ്ടോ എന്ന് ചോദിച്ചു. അവരെല്ലാം 'ഞങ്ങളല്ല ' എന്ന മറുപടി നൽകി. കുഞ്ഞൻ തിരിച്ചു വരാമ്പോൾ എന്തോഞ്ഞ തറയിൽ കിടക്കുന്നതായി കണ്ടു.അതൊരു ചീഞ്ഞ തക്കാളിയായിരുന്നു. കുഞ്ഞൻ തക്കാളിയെടുത്ത് ദൂരെക്കറിഞ്ഞു. 'ഇവിടെക്കിടന്നാൽ ചീഞ്ഞുനാറിയതുതന്നെ.'

കുറച്ചു ദിവസം കഴിഞ്ഞ് കുഞ്ഞൻ മുറ്റത്തേയ്ക്ക് നോക്കുമ്പോഴതാ, തക്കാളി ചീഞ്ഞുപോയിരിക്കുന്നു. പക്ഷേ അതിനുള്ളിൽ നിന്ന് തരിതരിപൊലെ കുറെ കുഞ്ഞു വിത്തുകൾ കുഞ്ഞൻ  അവയെല്ലാം പെറുക്കിയെടുത്ത് മുറ്റത്ത് കുഴിച്ചിട്ടു.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ അതാ, വിത്തുകൾ മുള പൊട്ടിയിരിക്കുന്നു. അവയുടെ കുഞ്ഞിലകൾ മണ്ണിന് പുറത്തേയ്ക്ക് വന്നിരിക്കുന്നു. കുഞ്ഞന് സന്തോഷമായി. അവൻ തൈകൾ നനച്ചു. അവ കുറിച്ചു കൂടി വളർന്നപ്പോൾ വളവുമിട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഇപ്പോൾ ചെടികൾ നിറയെ മഞ്ഞപ്പൂക്കളാണ്. കുറച്ചു ദിവസം കൂടി കഴിഞ്ഞപ്പോൾ തക്കാളിയെല്ലാം ചുവന്നു തുടുത്തു. കുഞ്ഞൻ തക്കാളിയെല്ലം പറിച്ച് കൂട്ടുകാർക്ക് കൊടുത്തു. അവരിൽ ഒരാളായ ബിങ്കു എന്ന മുയൽ പറഞ്ഞു, "കുഞ്ഞാഞങ്ങളോട്ടു ക്ഷമിക്കണം. ഞങ്ങളാണ് നിൻെ പെട്ടിക്കുള്ളിലെ സാധനം മോഷ്ടിച്ചത്. എന്നിട്ടും നീ ഞങ്ങൾക്ക് തക്കാളി നൽകുന്നുവോ?" കുഞ്ഞൻ പറഞ്ഞു "അന്നു നിങ്ങൾ വലിച്ചെറിഞ്ഞ തക്കാളി ഇല്ലായിരുന്നങ്കിൽ എങ്ങനെ നാം ഇപ്പോൾ തക്കാളി കഴിക്കുമായിരുന്നു." എല്ലാവരും സന്തോഷത്തോടെ വയറു നിറച്ചു കഴിച്ചു.

“ഹാവൂ ! ഞാൻ സൂക്ഷിച്ചുവച്ചിരുന്ന വിത്തുകൾ പോയാലെന്താ ? എനിക്ക് എന്റെ കൂട്ടുകാർക്ക് പഴങ്ങൾ കൊടുക്കാൻ സാധിച്ചല്ലേ.”

കുഞ്ഞനും സന്തോഷമായി.